**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 258** **08-08-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മെഡിക്കൽ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മെഡിക്കൽ കോളേജിൽ ഡ്യൂവൽ കൺട്രോൾ അവസാനിപ്പിച്ച് പൂർണ്ണമായും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഡ്യൂവൽ കൺട്രോൾ സിസ്റ്റത്തിൽ പ്രവർത്തിച്ചിരുന്ന ആദ്യത്തെ 5 മെഡിക്കൽ കോളേജുകളെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആക്കിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ ഡ്യൂവൽ കൺട്രോൾ ഭരണ സംവിധാനം ഒഴിവാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | സംസ്ഥാന സർക്കാരിന്റെ ഹൃദ്യം പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചു; എത്രപേർക്ക് പദ്ധതിയുടെ ഗുണം ലഭിച്ചു; ഈ പദ്ധതിക്കെതിരെ നടക്കുന്ന തെറ്റായ പ്രചരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഹൃദ്യം പദ്ധതിയ്ക്കായി ജൂലൈ മാസം വരെ സർക്കാർ ചെലവഴിച്ച തുക 57,11,75,161/- രൂപയാണ്. ഇതുവരെ ഹൃദ്യം പദ്ധതിയിൽ 18344 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് പ്രകാരം 6206 പേർക്ക് ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്. ഹൃദ്യം പദ്ധതി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ 2017 - ൽ ആരംഭിച്ച പദ്ധതിയാണ്. ശിശുമരണനിരക്ക് കുറയ്ക്കുന്നതിൽ ഹൃദ്യം പദ്ധതി നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. ഇതിൽ രോഗ തീവ്രതയനുസരിച്ചും മാതാപിതാക്കളുടെ സൗകര്യങ്ങൾ കണക്കിലെടുത്തും അവർ തന്നെ തീരുമാനിക്കുന്ന ആശുപത്രികളിലാണ് ശസ്ത്രക്രിയകൾ നടത്തുന്നത്. ഇത് സ്വകാര്യ സ്ഥാപനങ്ങളെ സഹായിക്കാൻ വേണ്ടിയാണെന്ന കുപ്രചരണം ശരിയല്ല. |

സെക്ഷൻ ഓഫീസർ